# കച്ചോലം

കാംഫീരിയ ഗലംഗ എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന  കച്ചോലം സിൻജിബറേസിയേ കുടുംബത്തിലെ അംഗമാണ്.  ഇതിന്റെ പ്രകന്ദങ്ങളാണ് ഔഷധയോഗ്യമായ ഭാഗം.

സംസ്കൃതത്തിൽ ശടി അഥവാ ഗന്ധമൂല എന്നും ഹിന്ദിയിൽ ചന്ദ്രമൂല എന്നും  കച്ചോലം അറിയപ്പെടുന്നു.

## രൂപവിവരണവും ഇനങ്ങളും

നിലംപറ്റെ വളരുന്ന ഒരു ചെറുസസ്യമാണ് കച്ചോലം.  ഇലകൾക്ക് 6 മുതൽ 15 സെന്റീമീറ്റർ വരെ നീളവും 5 മുതൽ 15 സെന്റീമീറ്റർ വീതിയുമുണ്ട്.  കച്ചോലത്തിനു വളരെ കുറച്ചു ഇലകളേ ഉള്ളൂ.. ഇവ ആദ്യം എഴുന്നു നിൽക്കുമെങ്കിലും പിന്നീടു തറയിൽ ചേർന്നു കിടക്കും. ജൂലൈ ആഗസ്റ്റ മാസങ്ങളിലാണ് പൂക്കൾ ഉണ്ടാകുന്നത്. ഭൂകാണ്ഡത്തിൽ നിന്നും  തറയോട് ചേർന്ന്  കാണപ്പെടുന്ന  വെള്ളമുള്ള പൂക്കളുടെ ഉള്ളിലായി വയലറ്റ് നിറം  കാണാം. പൂക്കളുടെ ദലങ്ങൾക്ക് കുഴലിന്റെ ആകൃതിയാണ്.

ഇനത്തിനനുസരിച്ച്  കച്ചോലക്കിഴങ്ങിന്റെ വലുപ്പത്തിൽ വ്യത്യാസം  കാണാം.

കൂത്താട്ടുകുളം, തൊടുപുഴ, വരന്തരപ്പള്ളി, കല്ലടിക്കോട്, പൊന്നൂക്കര, പെരുമ്പാവൂർ, വെള്ളാനിക്കര മുതലായ സ്ഥലങ്ങളിൽ നിന്നുള്ള നാടൻ ഇനങ്ങളാണ് സാധാരണയായി കൃഷി ചെയ്യുന്നത്.

കേരള കാർഷിക സർവ്വകലാശാലയിൽനിന്ന്  കസ്തൂരി, രജനി എന്നീ പേരുകളിൽ  ഉത്പാദനശേഷിയും ഗുണമേ•യുമുള്ള രണ്ടിനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

ഇളം ബ്രൗൺ നിറമുള്ള കസ്തൂരി  ഇനത്തിന്റെ കിഴങ്ങുകൾ  വലുപ്പമുള്ളതാണ്.

രജനിയുടെ ഇലകളും കിഴങ്ങും താരതമ്യേന ചെറുതാണ്. എന്നാൽ കിഴങ്ങിൽ ഒളിയോറെസിന്റെ അളവ് കൂടുതലാണ്.

## രാസഘടകങ്ങൾ

കച്ചോല കിഴങ്ങിൽ  ആൽക്കലോയിഡ്, സ്റ്റാർച്ച്, കൊഴുപ്പുള്ള വസ്തുക്കൾ, സുഗന്ധദ്രവ്യതൈലം, എന്നിവ അടങ്ങിയിരിക്കുന്നു. തൈലത്തിൽ പ്രധാന ഘടകം  മീതോക്സി സിനമിക് ആസിഡും, മീതൈൽ ഈതൈൽ എസ്റ്ററും ആണ്.

## ഔഷധമൂല്യവും ഉപയോഗങ്ങളും

കച്ചോല കിഴങ്ങ് സുഗന്ധദ്രവ്യമായും ഔഷധമായും ഉപയോഗിക്കുന്നു.  കുട്ടികളിലെ  വിരശല്യത്തിന് നല്ല മരുന്നാണിത്. കച്ചോലം കാസത്തിനും നല്ലതാണ്. ഇതിന്റെ ഇല ത്രിദോഷങ്ങളെ ശമിപ്പിക്കും. മുറിവിനും മുഴകൾക്കും പ്രതിവിധിയായി കച്ചോലം ഉപയോഗിക്കാം. മലേറിയ, ആസ്തമ, നേത്രരോഗങ്ങൾ, വാതം മുതലായവയ്ക്ക് ഇത് ഉത്തമമാണ്.

രാസ്നേ രണ്ടാദികഷായം, ച്യവനപ്രാശം.,രാസ്നാദിപൊടി, അഗസ്ത്യരസായനം, ദശമൂലാരിഷ്ടം, വലിയ രാസ്നാദികഷായം. എന്നീ ഔഷധങ്ങളിൽ കച്ചോല കിഴങ്ങ് ചേരുവയാണ്.

- ഉണങ്ങിയ കച്ചോലം നല്ല പോലെ പൊടിച്ച് തേനിൽ കുഴച്ച് ദിവസം മൂന്നു നേരം ക ഴിച്ചാൽ നീണ്ടു നിൽക്കുന്ന ഛർദ്ദി നിൽക്കും.
- മുറുക്കുന്ന ശീലമുള്ളവർക്ക് വെറ്റിലയിൽ അല്പം കച്ചോലം ചേർത്ത് മുറുക്കിയാൽ ചുമ, ശ്വാസവൈഷമ്യം ഇവ ഭേദമാവും.
- കുട്ടികളിലെ വിരശല്യത്തിന് കച്ചോലക്കിഴങ്ങിന്റെ നീര് ഒരു ടീസ്പൂൺ വീതം കൊടുക്കാം
- ഉദരസംബന്ധമായ അസുഖങ്ങൾക്ക് ഒരു സ്പൂൺ കച്ചോലക്കിഴങ്ങ് പൊടിച്ചതും ചെറുനാരങ്ങയും ഇഞ്ചിയും ചേർത്ത് പാനീയമാക്കി കൊടുക്കാം.
- വയറുവേദനക്ക് കച്ചോലക്കിഴങ്ങ് കുഴമ്പുപരുവത്തിലാക്കി കഴിക്കുന്നത് ഫലപ്രദമാണ്.
- പല്ലുവേദന ശമിക്കാൻ കച്ചോലക്കിഴങ്ങിന്റെ കുഴമ്പെടുത്ത് മോണയിൽ തേച്ചാൽ മതി.
- മുടിക്ക് സുഗന്ധം നൽകുന്ന നല്ലോരു കേശപോഷിണിയാണ് കച്ചോലം.
- കച്ചോലക്കിഴങ്ങ് ഹെർബൽ ഷാംപൂവുമായി കലർത്തി തലയിൽ തേച്ചാൽ താരൻ മാറികിട്ടും.

## പ്രവർദ്ധനം

കച്ചോലത്തിന്റെ പ്രകന്ദങ്ങളാണ് നടാൻ ഉപയോഗിക്കുന്നത്. ഡിസംബർ ജനുവരി മാസങ്ങളിൽ വിളവെടുക്കുന്ന കിഴങ്ങുകൾ വേരുപറിച്ച് വൃത്തിയാക്കി അടുത്ത വർഷത്തെ നടീൽവസ്തുവിനായി സൂക്ഷിച്ചുവയ്ക്കാം. മഴയും വെയിലും ഏൽക്കാത്ത ഷെഡ്ഡിന്റെ തറയിൽ കുഴിയെടുത്ത് ചെളിയോ ചാണ കമോ കൊണ്ടുമെഴുകിയോ മണൽ വിരിക്കുകയോ ചെയ്തശേഷം അതിനുള്ളിൽ വിത്തുകിഴങ്ങുകൾ നിരത്തിയിട്ട് പാണൽ ഇലകൊണ്ടു മൂടണം . കിഴങ്ങുകൾ പാണൽ ഇലയിൽ നിരത്തി പുക കൊള്ളിക്കു ന്നതും നല്ലതാണ്.

ഏപ്രിൽ മാസത്തോടെ മുള പൊട്ടുന്ന പ്രകന്ദം ചെറുകഷണങ്ങളാക്കി നടുവാൻ ഉപയോഗിക്കാം

ഒരേക്കർ സ്ഥലത്തേക്ക് 200 മുതൽ 300 കിലോഗ്രാം പ്രകന്ദ്ങ്ങൾ വേണ്ടിവരും

## നടീലും വിളപരിചരണവും

### മണ്ണും കാലാവസ്ഥയും

ഉഷ്ണമേഖലാ പ്രദേശങ്ങളിൽ നല്ല നീർവാർച്ചയും വളക്കൂറുമുള്ള മണ്ണാണ് കച്ചോല കൃഷിക്ക് അഭി കാമ്യം.. തെങ്ങിൻതോപ്പുകളിൽ ഇടവിളയായി കൃഷി ചെയ്യുവാൻ അനുയോജ്യമായ വിളയാണ് കച്ചോലം .

### നടീൽ

കാലവർഷാരംഭത്തോടുകൂടി മേയ് ജൂൺ മാസങ്ങളിലാണ് കച്ചോലം കൃഷിയിറക്കുന്നത്. നിലമൊരുക്കി മഴവെള്ളം നന്നായി വാർന്നു പോകുവാനുതകുന്ന വിധം തടങ്ങൾ എടുക്കണം.

തടം നിരപ്പാക്കിയ ശേഷം 20 സെ. മീറ്റർ അകലത്തിൽ ചെറിയ കൈക്കുഴികളെടുത്ത്  മുള മുകളിലേയ്ക്ക് ആക്കി  ഓരോ കുഴിയിലും പ്രകന്ദം നടാം. അതിനു മുകളിലായി കാലിവളവും

എല്ലുപൊടിയും ഇട്ട് മൂടിയ ശേഷം തവാരണകൾ ചപ്പുചവറുകൾ കൊണ്ട്  പുതയിടണം.

അടിവളമായി   ഏക്കറൊന്നിന് 8 ടൺ  കാലിവളവും 20 കിലോഗ്രാം  എല്ലുപൊടിയും വേണ്ടിവരും.

ഒന്നരമാസത്തിലും മൂന്നു മാസത്തിലും കളയെടുത്ത ശേഷം ഏക്കറൊന്നിന് 12 കിലോഗ്രാം യൂറിയയും 8 കിലോഗ്രാം പൊട്ടാഷും ചേർത്തശേഷം മണ്ണണയ്ക്കണം.

## കീടങ്ങളും രോഗപരിചരണവും

മഴ കൂടുതലുള്ള മാസങ്ങളിൽ കച്ചോലത്തിൽ  ഇലചീയൽ  രോഗം രൂക്ഷമാകാറുണ്ട്. ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുന്നത് രോഗം ശമിപ്പിക്കും. മറ്റു കീടരോഗങ്ങൾ പൊതുവെ കാണാറില്ല.

## വിളവെടുപ്പ് ,സംസ്കരണം,വിപണനം.

ഡിസംബർ ജനുവരി മാസത്തോടെ  ഇലകൾ ഉണങ്ങി തുടങ്ങുമ്പോഴേക്കും കച്ചോലക്കിഴങ്ങ് വിളവെടുക്കാം. പറിച്ചെടുത്ത പ്രകന്ദങ്ങൾ വേരുകൾ മാറ്റി കഴുകി വൃത്തിയാക്കി വട്ടത്തിൽ അരിഞ്ഞ് ഉണക്കി സൂക്ഷിക്കാം.

നന്നായി പരിചരിച്ചാൽ ഒരു ഏക്കറിൽ നിന്നും രണ്ടര മുതൽ മൂന്ന് ടൺ പച്ച കച്ചോലം ലഭിക്കും. ഇതുണക്കിയാൽ  800  മുതൽ 1000 കിലോ  ലഭിക്കും..